## പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 189 13.02.2013 ൽ മറുപടിക്ക്

### ഇ-ഡിസ്ട്രിക്ട് പദ്ധതി

**ചോദ്യം**

ഡോ. എൻ.ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. എം .വി. ശ്രേയാംസ് കുമാർ
ശ്രീ. പി.സി. ജോർജ്

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം സേവനങ്ങളാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ ;

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) കണ്ണൂർ, പാലക്കാട്, പത്തനംതിട്ട, കോട്ടയം, മലപ്പുറം ജില്ലകളിൽ നിലവിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ നൽകിവരുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

1. ജാതി സർട്ടിഫിക്കറ്റ്
2. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
3. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
4. റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
7. സോൾവൻസി സർട്ടിഫിക്കറ്റ്
8. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
9. ഡൊമിസിൽ സർട്ടിഫിക്കറ്റ്
10. വരുമാന സർട്ടിഫിക്കറ്റ്
11. കൈവശാവകാശ സർട്ടിഫിക്കറ്റ്
12. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
13. കൈവശാവകാശവും നോൺ-അറ്റാച്ച് മെന്റും സർട്ടിഫിക്കറ്റ്
14. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്
15. ലൈഫ് സർട്ടിഫിക്കറ്റ്
16. വാല്യുവേഷൻ സർട്ടിഫിക്കറ്റ്
17. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
18. ഒരേ വ്യക്തിയാണെന്ന് തെളിയിക്കുന്ന

സർട്ടിഫിക്കറ്റ്

19. മത/ജാതി പരിവർത്തന സർട്ടിഫിക്കറ്റ്
20. അഗതി സർട്ടിഫിക്കറ്റ്
21. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
22. ആശ്രിതനെന്ന സർട്ടിഫിക്കറ്റ്
23. പുനർവിവാഹം നടത്തിയിട്ടില്ലെന്ന സർട്ടിഫിക്കറ്റ്

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സംരംഭം മറ്റ് ജില്ലകളിലേക്കു കൂടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | കണ്ണൂർ, പാലക്കാട്, ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച ഇ-ഡിസ്ട്രിക്റ്റ് പദ്ധതി ഘട്ടംഘട്ടമായി സംസ്ഥാന വ്യാപകമായി നടപ്പാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പൈലറ്റ് ജില്ലകൾക്ക് പുറമെ 2012 ഡിസംബറിൽ പത്തനംതിട്ട, കോട്ടയം, മലപ്പുറം ജില്ലകളിൽ ഈ പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ആലപ്പുഴ, എറണാകുളം, കോഴിക്കോട്, ഇടുക്കി, വയനാട് ജില്ലകളിലും മാർച്ച് മാസത്തോടു കൂടി ബാക്കി ജില്ലകളായ കാസർ ഗോഡ്, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിലും നടപ്പിലാക്കുവാനാണ് സർക്കാർ ആലോചിക്കുന്നത്. |

സെക്ഷൻ ഓഫീസർ